/62415/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി. ഐഎഎസ്.)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അഡോളസെന്റ് ക്ലബ്ബുകളുടെ പുനരുജ്ജീവനം-മികച്ച 'വർണ്ണക്കൂട്ട്' തെരഞ്ഞെടുത്ത് അവാർഡ് നൽകുന്നത് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ. ഉ. (സാധാ) നം. 215/2022/വശിവിവ തീയതി : 19.05.2022
2. ഈ കാര്യാലയത്തിൽ നിന്നുള്ള 01.07.2022 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

**ഉത്തരവ് നം. DWCD/1211/2022-ICDSA6 തീയതി: 14-10-2022**

സംസ്ഥാനത്ത് അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കുമാരി ക്ലബ്ബുകളെ 'വർണ്ണക്കൂട്ട്' എന്ന പേരിൽ പുന:നാമകരണം ചെയ്യുവാനും വിവിധ പരിപാടികൾ സംഘടിപ്പിക്കുവാനും, മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന ക്ലബ്ബുകൾക്ക് അവാർഡ് നൽകുന്നതിനും തീരുമാനിച്ചിരുന്നു. അപ്രകാരം പുനർനാമകരണം ചെയ്യുകയും, സംസ്ഥാനത്തെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും ശാരീരികമാനസിക ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും വരുന്നു.

ഇപ്രകാരം മികച്ച പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന 'വർണ്ണക്കൂട്ട്'കളെ കണ്ടെത്തി ICDS പ്രൊജക്റ്റ്/ജില്ല തലങ്ങളിൽ യഥാക്രമം 1250/-, 5000/- എന്ന ക്രമത്തിൽ അവാർഡ് നൽകുവാൻ തീരുമാനിക്കുകയും, ആയതിലെയ്ക്ക് സർക്കാരിൽ നിന്നും സൂചന (1) പ്രകാരം ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം മികച്ച 'വർണ്ണക്കൂട്ടുകൾ' തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി ചെക്ക് ലിസ്റ്റ് സഹിതം സൂചന (2) പ്രകാരം കീഴ്ക്കാര്യാലയങ്ങൾക്ക് നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സർക്കാർ അനുമതി ലഭ്യമായ, തെരഞ്ഞെടുക്കുന്ന മികച്ച 'വർണ്ണക്കൂട്ട്'കൾക്കുള്ള അവാർഡ് തുക ചുവടെ ചേർക്കുന്ന പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫിസർമാരുടെ പേരിൽ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | ജില്ല | പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുതല അവാർഡിനായി അനുവദിക്കുന്ന തുക (Rs. 1250/project) | ജില്ലാതല അവാർഡിനായി അനുവദിക്കുന്ന തുക | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | തിരുവനന്തപുരം | 24 | 30000/- | 5000/- | 35000/- |
| 2 | കൊല്ലം | 21 | 26250/- | 5000/- | 31250/- |
| 3 | പത്തനംതിട്ട | 12 | 15000/- | 5000/- | 20000/- |
| 4 | ആലപ്പുഴ | 15 | 18750/- | 5000/- | 23750/- |
| 5 | കോട്ടയം | 15 | 18750/- | 5000/- | 23750/- |
| 6 | ഇടുക്കി | 13 | 16250/- | 5000/- | 21250/- |
| 7 | എറണാകുളം | 23 | 28750/- | 5000/- | 33750/- |

| | | | | | |
|---|---|---|---|---|---|
| 8 | തൃശ്ശൂർ | 23 | 28750/- | 5000/- | 33750/- |
| 9 | പാലക്കാട് | 21 | 26250/- | 5000/- | 31250/- |
| 10 | മലപ്പുറം | 29 | 36250/- | 5000/- | 41250/- |
| 11 | കോഴിക്കോട് | 21 | 26250/- | 5000/- | 31250/- |
| 12 | വയനാട് | 8 | 10000/- | 5000/- | 15000/- |
| 13 | കണ്ണൂർ | 21 | 26250/- | 5000/- | 31250/- |
| 14 | കാസർഗോഡ് | 12 | 15000/- | 5000/- | 20000/- |
| | **ആകെ തുക** | **258** | **3,22,500/-** | **70,000/-** | **3,92,500/-** |

(ആകെ മൂന്ന ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറു രൂപമാത്രം)

മേൽ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-56(P) ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപ്പത്രം 31.03.2023 ന മുന്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിതാ ശിശുവികസന ഓഫിസർമാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും
2. എല്ലാ ശിശുവികസന പദ്ധതി ഓഫിസർമാർക്കും
3. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ
   സൂപ്രണ്ട്, ITസെൽ.
4.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്